**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1225** **12-02-2025 - ൽ മറുപടിയ്ക്ക്**

**പുതിയങ്ങാടി-ഉള്ള്യേരി- കുറ്റ്യാടി-ചൊവ്വ സംസ്ഥാനപാത നവീകരണ പ്രവർത്തി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. പി .രാമകൃഷ്ണൻ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | പുതിയങ്ങാടി-ഉള്ള്യേരി- കുറ്റ്യാടി-ചൊവ്വ (പി യു കെ സി ) സംസ്ഥാന പാത നവീകരണ പ്രവൃത്തി നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ; | (എ) | കോഴിക്കോട് ജില്ലയിലെ പാവങ്ങാട് ഉള്ളിയേരി കുറ്റ്യാടി ചൊവ്വ റോഡിൻറെ പാവങ്ങാട് മുതൽ ഉള്ളിയേരി വരെയുള്ള പ്രസ്തുത റോഡിനു വീതികൂട്ടി വികസിപ്പിക്കുന്നതിനായി 50 കോടി രൂപയ്ക്ക് ഭരണാനുമതിയും 28.10.2020 തീയതിയിൽ 82.36 കോടി രൂപയ്ക്ക് കിഫ്ബിയിൽ നിന്നും സാമ്പത്തികാനുമതിയും നൽകിയിട്ടുള്ളതാണ്. പ്രസ്തുത പ്രവൃത്തിയുടെ ലാൻഡ് അക്വിസിഷൻ നടപടികൾ റവന്യൂ വിഭാഗം ആരംഭിച്ചിട്ടുണ്ട്. 6(1) notification പ്രസിദ്ധപ്പെടുത്തുകയും അതിർത്തിക്കല്ലുകൾ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. 4(1) Notification പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ റവന്യൂ വിഭാഗം സ്വീകരിച്ചു വരുന്നു. എൽ.എ നടപടികൾ പൂർത്തീകരിച്ച് സ്ഥലം ഏറ്റെടുക്കുന്ന മുറക്ക് പ്രവൃത്തിക്ക് സാങ്കേതികാനുമതി നൽകി ടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ കഴിയുന്നതാണ്.<br><br>ഉള്ളിയേരി മുതൽ കുറ്റിയാടി വരെ എൽ.എ വിഭാഗം സ്പെഷ്യൽ തഹസിൽദാറുമായി സംയുക്ത സ്ഥലപരിശോധന പൂർത്തീകരിച്ചതാണ്. പ്രവൃത്തിയുടെ സർവ്വേ നടപടികൾ ത്വരിതപ്പെടുത്തുന്നതിനും പൂർത്തീകരിക്കുന്നതിനും വേണ്ടിയുള്ള നടപടികൾ സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ട് 03.04.2024, 05.06.2024, 16.07.2024 തീയതികളിൽ എൽ. എ. സ്പെഷ്യൽ തഹസിൽദാർ കൊയിലാണ്ടിക്ക് കത്ത് നൽകിയിട്ടുണ്ട്. കൂടാതെ പേരാമ്പ്ര ടൗൺ ഒഴിവാക്കി പേരാമ്പ്ര ബൈപാസ്സിൽ കൂടെ കടന്നുപോകുന്ന രീതിയിൽ അലൈൻമെൻറ് feasible ആയതിനാൽ പേരാമ്പ്ര ടൗൺ ഒഴിവാക്കി 160.30 കോടി രൂപയുടെ DPR 18/07/2024 -ൽ കിഫ്ബിയിലേക്ക് സമർപ്പിച്ചതിൽ കിഫ്ബിയുടെ നിർദ്ദേശങ്ങൾ പാലിച്ച് |

| | | | |
|---|---|---|---|
| | | | DPR പുനഃ സമർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |
| (ബി) | പുതിയങ്ങാടി മുതൽ ഉള്ള്യേരി വരെയുള്ള ഒന്നാം ഘട്ടത്തിന്റെ സ്ഥലമെടുപ്പ് നടപടി ഏത് ഘട്ടത്തിലാണുള്ളതെന്ന് വ്യക്തമാക്കാമോ ; | (ബി) | പാവങ്ങാട് മുതൽ ഉള്ളിയേരി വരെയുള്ള പ്രസ്തുത പ്രവൃത്തിയുടെ ലാൻഡ് അക്വിസിഷൻ നടപടികൾ റവന്യൂ വിഭാഗം ആരംഭിച്ചിട്ടുണ്ട്. 6(1) notification പ്രസിദ്ധപ്പെടുത്തുകയും അതിർത്തിക്കല്ലുകൾ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. 4(1) notification പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ റവന്യൂ വിഭാഗം സ്വീകരിച്ച് വരുന്നു. |
| (സി) | ഉള്ള്യേരി മുതൽ കുറ്റ്യാടി വരെയുള്ള രണ്ടാം ഘട്ടത്തിന്റെ സ്ഥലമെടുപ്പ് നടത്തുമ്പോൾ സാമ്പത്തിക ബാധ്യത ഏറെ ഉണ്ടാകുന്നതും ധാരാളം കച്ചവട സ്ഥാപനങ്ങളെ ഒഴിപ്പിക്കേണ്ടി വരുന്നതുമായ പേരാമ്പ്ര ടൗണിനെ ഒഴിവാക്കി പേരാമ്പ്ര ബൈപാസിൽ കൂടി റോഡ് കടന്നുപോകുന്ന വിധം അലൈൻമെന്റ് നിശ്ചയിക്കുന്ന കാര്യം പരിശോധിക്കുമോ; | (സി) | ഉള്ളിയേരി മുതൽ കുറ്റിയാടി വരെയുള്ള രണ്ടാം ഘട്ടത്തിൽ പേരാമ്പ്ര ടൗണിൽ നിരവധി കടകളും വാണിജ്യ കെട്ടിടങ്ങളും ഉള്ളതിനാൽ ഭൂമി ഏറ്റെടുക്കുന്നത് ബുദ്ധിമുട്ടാകും എന്നതിനാൽ പേരാമ്പ്ര ടൗൺ ഒഴിവാക്കി പേരാമ്പ്ര ബൈപാസ്സിൽ കൂടി കടന്നുപോകുന്ന രീതിയിൽ അലൈൻമെൻറ് feasible ആയതിനാൽ അത്തരത്തിൽ DPR തയ്യാറാക്കി KIIFB യിൽ സമർപ്പിച്ചിട്ടുണ്ട്. |
| (ഡി) | പേരാമ്പ്ര ബൈപ്പാസിൽ നിന്നും പേരാമ്പ്ര ബസ് സ്റ്റാന്റിലേയ്ക്ക് റോഡ് നിർമ്മിക്കുന്നതിനുള്ള നടപടി കൈക്കൊള്ളുമോ? | (ഡി) | പേരാമ്പ്ര ബൈപാസ്സിൽ നിന്നും പേരാമ്പ്ര ബസ്സ് സ്റ്റാൻഡിലേക്ക് റോഡ് നിർമ്മിക്കുന്നതിനായി ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടില്ല. ഫണ്ട് ലഭ്യമാക്കുന്ന മുറയ്ക്ക് പ്രസ്തുത റോഡ് നിർമ്മാണത്തിനായി തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ